Ref: 2983/K-5/KCBC/OL/DS 10.10.2016

# കാരുണ്യത്തിന്റെ അസാധാരണ ജൂബിലിവർഷസമാപനം കേരള കത്തോലിക്കാസഭയിൽ

**ചൈതന്യ പാസ്റ്ററൽ സെന്റർ, കോട്ടയം**
**2016 നവംബർ 12, ശനി**

## കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

വന്ദ്യ വൈദികരേ, പ്രിയ സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

'കരുണയുടെ മുഖം' എന്ന ഫ്രാൻസിസ് പാപ്പായുടെ പ്രബോധനം കരുണയുടെ അസാധാരണ ജൂബിലിവർഷമാചരിക്കാൻ നമ്മെ പ്രചോദിപ്പിച്ചു. ആധുനികസമൂഹം പുറമ്പോക്കുകളിലേക്കു വലിച്ചെറിഞ്ഞവരെ ഹൃദയപൂർവം പരിഗണിക്കാൻ നാം ശ്രമിക്കുകയായിരുന്നു. കുറെയെങ്കിലും ആ വഴിയേ ചരിക്കാൻ നമുക്കു കഴിഞ്ഞു. ദൈവത്തിന്റെ സ്വഭാവം ദൈവമക്കളുടെ സ്വഭാവമായി പരിണമിക്കുവാനും വിശ്വാസം പ്രവൃത്തികളിലൂടെ സജീവമാക്കുവാനും (യാക്കോ 2:15) നാം കരുതലോടെ ശ്രദ്ധിച്ചു.

കാരുണ്യം ദൈവത്തിന്റെ നാമവും മുഖവും സ്വഭാവവുമാണെന്നു ഗ്രഹിച്ച് നാം അതു സാക്ഷ്യപ്പെടുത്തി. കരുണയുടെ മുഖമായ യേശുക്രിസ്തുവിനെ ജീവിതംകൊണ്ട് ഉച്ചൈസ്തരം പ്രഘോഷിക്കാൻ നമുക്കായി. കാരുണ്യജൂബിലിവർഷത്തിന്റെ ആചരണത്തിലൂടെ ക്രിസ്തുകരുണയുടെ തുടർച്ചയായ തിരുസ്സഭയുടെ മുഖശ്രീ വർധമാനമാക്കുന്നതിൽ കേരള കത്തോലിക്കാസഭ വിജയിച്ചു എന്നു വേണം വിലയിരുത്താൻ. സഭയും സഭയുടെ മണവാളനായ യേശുമിശിഹായും ഇത്ര സമാകർഷകമായി പൊതുജനമധ്യത്തിൽ അവതരിപ്പിക്കപ്പെട്ട ചരിത്രമുഹൂർത്തങ്ങൾ അപൂർവമായതിനാൽ കരുണയുടെ ജൂബിലിവർഷാചരണം അനുപമമായിരുന്നു എന്നു പറയാതെ വയ്യാ. കാരുണ്യമെന്നത് കേവലം ഒരു നാമമല്ലെന്നും പ്രത്യുത, ക്രിയയാണെന്നും മനോഭാവമാണെന്നുമുള്ള അവബോധം വിശ്വാസികളിൽ ആഴമായി പതിയാൻ ഇടയായതിനെ ഓർത്ത് നമുക്ക് ദൈവത്തിനു നന്ദിപറയാം.

ദൈവത്തിന് ഒരു പുതിയ പേരു കണ്ടെത്തിയ തിരുസഭാതലവനായ പരിശുദ്ധ ഫ്രാൻസിസ് പാപ്പാ, തന്റെ ജീവിതത്തിൽ അനുവർത്തിച്ചുവന്ന ശൈലി സഭയ്ക്കു നല്കിയതുവഴി സഭയിൽ ആകമാനം മാറ്റവും നവീകരണവും പുതുജീവനും ഉണ്ടായി എന്നു സന്തോഷത്തോടെ അനുസ്മരിക്കട്ടെ. കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കും വിശ്വാസപ്രതിസന്ധിക്കുമെതിരേയുള്ള സഭയുടെ മറുപടിയാണത്. ദൈവത്തിന്റെ കാരുണ്യം വ്യക്തിപരമായി അനുഭവിക്കുവാനുള്ള അവസരമായി കരുണയുടെ സവിശേഷജൂബിലിവർഷത്തെ കാണണമെന്ന് പാപ്പാ പഠിപ്പിച്ചു. അതിനായി കരുണയുടെ കവാടങ്ങൾ തുറന്നു. വിശുദ്ധ കുമ്പസാരമെന്ന കരുണയുടെ കൂദാശ കൂടക്കൂടെ സ്വീകരിക്കണമെന്നും കരുണയുടെ മൂർത്തീകരണവും പൂർത്തീകരണവുമായ ദിവ്യകാരുണ്യത്തിൽ വിശ്വാസികൾ ആഴപ്പെടണമെന്നും പരിശുദ്ധ പിതാവ് പഠിപ്പിച്ചു. ദൈവകരുണ അനുഭവിക്കുവാൻ ഒരുവന് കൗദാശികമാർഗങ്ങൾ തുറന്നുകിടക്കുന്നു എന്നതാണ് ക്രൈസ്തവന്റെ വിളിയും ഭാഗ്യവും.

കരുണയുടെ ഭാഷ മനുഷ്യനു മാത്രമല്ല, ഏതു ജീവജാലങ്ങൾക്കും മനസ്സിലാകുന്ന ഭാഷകൾക്കതീ

തമായ ഭാഷയത്രേ. സ്നേഹത്തിന്റെ ഭാഷ്യമാണത്. ഈ ഭാഷയുടെ ബാലപാഠവും തുടർപാഠങ്ങളും തന്റെ മക്കളെ പഠിപ്പിക്കുവാൻ സഭാമാതാവ് ഒരു വർഷം നീക്കിവയ്ക്കുകയായിരുന്നു. സഭയ്ക്കാകമാനം അത് ഒരു പഠനശിബിരവും പരിശീലനക്കളരിയുമായിരുന്നു; പൊതുസമൂഹത്തിനാകട്ടെ, ഒരു സാധനപാഠവും അനുകരണീയമായ മാതൃകയും. സ്നേഹദാരിദ്ര്യമനുഭവിക്കുന്ന - സ്നേഹം വറ്റിവരണ്ട - ഒരു ലോകത്തിന് നല്കാൻ പറ്റുന്ന പ്രത്യൗഷധവും മൃതസഞ്ജീവനിയുമായിരുന്നു കരുണയുടെ വർഷാചരണം. കരുണ തടംകെട്ടി നില്ക്കേണ്ടതല്ല, നദിപോലെ ഒഴുകേണ്ടതാണ്. ഒരിക്കലും "വറ്റാത്ത നദി" എന്നാണ് കാരുണ്യത്തെ ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിക്കുന്നത് (*കരുണയുടെ മുഖം*, No.24).

"കരുണയുടെ ഐക്കൺ" എന്ന് ലോകം അംഗീകരിച്ച മദർ തെരേസയെ ജൂബിലിവർഷത്തിൽ വിശുദ്ധയായി പ്രഖ്യാപിച്ചത് നമുക്കേവർക്കും വലിയ സന്തോഷമാണ് സമ്മാനിച്ചത്. "അവിടത്തെ കാരുണ്യം അനന്തമാണ്" എന്നു സങ്കീർത്തകനോടൊപ്പം (സങ്കീ 136) നമുക്കും പാടാം. ജൂബിലിവർഷാചരണം സമാപിച്ചാലും ദൈവകരുണയ്ക്കുവേണ്ടിയുള്ള നമ്മുടെ അർത്ഥനയും കാരുണ്യപ്രവൃത്തികളും അവിരാമം തുടരുകതന്നെ ചെയ്യും.

വർഷാചരണത്തിന്റെ ഔദ്യോഗികമായ സമാപനത്തിനുള്ള തയ്യാറെടുപ്പിലാണ് ഓരോ പ്രാദേശിക സഭയും രൂപതകളും. കേരള കത്തോലിക്കാസഭയിൽ 2016 നവംബർ 12-ാംതീയതി കരുണയുടെ ജൂബിലിവർഷത്തിന് ഔദ്യോഗിക സമാപനം കുറിക്കുന്നതാണ്. കരുണയുടെ ഈറ്റില്ലവും പാഠശാലയുമായ കുടുംബത്തോടു ബന്ധപ്പെട്ട കുടുംബപ്രേഷിതത്വത്തിന്റെയും പൊതുസമൂഹത്തിൽ കാരുണ്യം പ്രസക്തമായി അവതരിപ്പിക്കുന്ന കെസിബിസി ജസ്റ്റീസ്, പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷന്റെയും നേതൃത്വത്തിലും ഇതരകമ്മീഷനുകളുടെ സഹകരണത്തിലുമാണ് സമാപനം നടത്തപ്പെടുന്നത്.

2016 നവംബർ 12 ശനിയാഴ്ച കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററും (തെള്ളകം), തെള്ളകം പുഷ്പഗിരി ദൈവാലയവും കേന്ദ്രീകരിച്ച് സമ്മേളനം നടത്തപ്പെടുന്നു. കാരുണ്യവർഷത്തിന്റെ മാനങ്ങൾ വ്യക്തമാക്കുംവിധം ദൈവകരുണ പ്രഘോഷിച്ചും കാരുണ്യപ്രവൃത്തിയുടെ പ്രസക്തമായ സമീപനങ്ങൾ പൊതുസമൂഹത്തിൽ അവതരിപ്പിച്ചും ഭൂമിയോടും പ്രകൃതിയോടുമുള്ള നമ്മുടെ കരുതൽ പങ്കുവച്ചും ഈ ദിനം ആചരിക്കുന്നതാണ്.

കേരള കത്തോലിക്കാസഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യവും നേതൃത്വവും നമ്മോടൊപ്പമുണ്ടാകും. കേരളത്തിലെ കത്തോലിക്കാരൂപതകളുടെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഭാരവാഹികളും, വിവിധ പ്രേഷിതവേദികൾക്കും സഭാസംഘടനകൾക്കും നേതൃത്വം നല്കുന്ന വൈദിക-സന്ന്യസ്ത-അല്മായ നേതാക്കന്മാരും വിശ്വാസികളും ഇതിൽ പങ്കെടുക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.

കോട്ടയത്തും സമീപപ്രദേശത്തുമുള്ള 3 അതിരൂപതകളിലെയും 3 രൂപതകളിലെയും ദൈവജനത്തിന്റെ വർധിച്ച പങ്കാളിത്തമാണ് സമ്മേളനത്തിന്റെ ഗരിമ വർധിപ്പിക്കുന്നത്. ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ് (തിരുവല്ല), മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് (എറണാകുളം), ചങ്ങനാശ്ശേരി, കോട്ടയം, വിജയപുരം, പാല, കാഞ്ഞിരപ്പള്ളി രൂപതകളിലെ വികാർ ജനറൽമാർ എന്നിവർ ഉൾപ്പെട്ട കമ്മറ്റിയുടെ മേൽനോട്ടത്തിലാണ് സമ്മേളനം നടത്തപ്പെടുക. കോട്ടയം ക്നാനായ അതിരൂപത വികാർജനറൽ മോൺ. മൈക്കിൾ വെട്ടിക്കാട്ട് അച്ചൻ കൺവീനറായി വിപുലമായ കമ്മറ്റിയുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു.

കേരള സംസ്ഥാനത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സമ്മേളനത്തിന്റെ

ഉദ്ഘാടനം നിർവഹിക്കും. ഓരോ രൂപതയിൽനിന്നും കാരുണ്യത്തിന്റെ മുഖങ്ങൾ പ്രകാശമാനമാക്കിയ ചില കുടുംബങ്ങളെയും സ്ഥാപനങ്ങളെയും വെല്ലുവിളികൾ സാധ്യതകളാക്കി മാറ്റി സമൂഹത്തിന് ഈടുറ്റസംഭാവനകൾ നല്കിയ ചില വ്യക്തികളെയും കാരുണ്യശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിച്ച വൈദികരെയും സന്ന്യസ്തരെയും, ഒപ്പം ഇതരമതവിശ്വാസികളായ ഏതാനും കാരുണ്യദീപങ്ങളെയും സമ്മേളനത്തിൽ ആദരിക്കുന്നതായിരിക്കും.

വിശദമായ അറിയിപ്പുകൾ യഥാസമയം സംഘടനകൾ നല്കുന്നതായിരിക്കും. ലളിതമായി നടത്തപ്പെടുന്നതെങ്കിലും അനിവാര്യമായ സാമ്പത്തിക ഭാരങ്ങൾ പങ്കുവയ്ക്കുവാൻ ഔദാര്യം കാണിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഏവരുടെയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,


**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025